ലീഗൽ പ്രാക്ടീഷണറും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ആയിരിക്കേണ്ടതും മൂന്നുപേരെങ്കിലും വനിതകളും വനിതകളിൽ ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ആൾ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആക്ടിൽ നിഷ്കർഷിച്ച പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സർക്കാരാണ് യുവജനകമ്മീഷൻ ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിച്ചിട്ടുള്ളത്. അംഗങ്ങൾക്ക് നാളിതുവരെ ശമ്പളം നൽകിയിട്ടില്ല. അംഗങ്ങൾക്ക് യാത്രപ്പടിയിനത്തിൽ നാളിതുവരെ 1,48,453 രൂപ ഒരു ലക്ഷത്തി നാൽപത്തിയെട്ടായിരത്തി നാനൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ

287 (4278) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ യുവജനകാര്യ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യുവജനക്ഷേമ ബോർഡ് മുഖാന്തരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2014-15-ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു. ആലപ്പുഴ ജില്ലയിലെ വിവിധ വികസന ബ്ലോക്കുകളിൽ ഉൾപ്പെടുന്ന കലാ-കായിക ക്ലബ്ബുകൾക്ക് പേപ്പർ ബാഗ് നിർമ്മാണം, ഫുഡ് പ്രോസസിംഗ്, സോപ്പ് നിർമ്മാണം, വോളീബാൾ കോച്ചിംഗ്, നീന്തൽ പരിശീലനം, പാചക പരിശീലനം, തെങ്ങുകയറ്റ പരിശീലനം, നെൽകൃഷി പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിലേക്കായി ധനസഹായം ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരോഗ്യബോധവൽക്കരണം, കാർഷിക വികസന പദ്ധതി, പരിസ്ഥിതി സംരക്ഷണം, വ്യക്തിത്വ വികസന ക്യാമ്പ്, ഗാന്ധിജയന്തി ദിനാചരണം, പരിസ്ഥിതി ദിനാചരണം, ലഹരി വിരുദ്ധ ദിനാചരണം, മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കാപ്പൊലി നാടിക, ഡി.റ്റി.പി. പരിശീലനം, എഡ്യൂഫെസ്റ്റ്, വ്യക്തിത്വ വികസന ക്യാമ്പുകൾ, ജോബ് ഫെസ്റ്റ്, യുവദർശൻ, വനിതാ ശിൽപ്പശാല, ജില്ലാ കേരളോത്സവം, അന്താരാഷ്ട്ര യുവജന ദിനാഘോഷം തുടങ്ങിയവയും ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

യുവജനക്ഷേമ ബോർഡിന്റെ ഭാരതദർശൻ യാത്ര

288 (4279) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരതദർശൻ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. രണ്ട് തരത്തിലുള്ള ഭാരതദർശൻ യാത്രാ പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്.

1. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള ഭാരതദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവം-ദേശീയ യുവോത്സവം എന്നിവയിലെ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly